# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉപ്പുതറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-9/545/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 31/03/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉപ്പുതറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-16 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-9/545/2020 തീയ്യതി: 31/03/2021

## ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2020 മുതൽ 08-07-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബേബി സനൂജ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-07-2020 | 17-07-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സണ്ണി എം.യു, ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹ്സിൻ ഫൈസൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.മേജോ കെ.ജോർജ്ജ്, ഓഡിറ്റർ(സീനിയർ ഗ്രേഡ്)
ശ്രീ.സാമുവൽരാജ് ആർ, ഓഡിറ്റർ(സീനിയർ ഗ്രേഡ്)
ശ്രീ.ജോമോൻ ഫ്രാൻസിസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സത്യൻ കെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. എസ് നിസ്സാർ | സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീ. പ്രവീൺകുമാർ കെ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 16-07-2019 |
| ശ്രീ. അജിത്കുമാർ വി ആർ | സെക്രട്ടറി | 17-07-2019 | 30-09-2019 |
| ശ്രീമതി.സിന്ധുമോൾ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2019 | 09-12-2019 |
| ശ്രീമതി.പൊന്നമ്മ എ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-12-2019 | 15-12-2019 |
| ശ്രീ.ശ്രീധരൻ എ | സെക്രട്ടറി | 15-12-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അജിത്എം ജി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 30-07-2019 |
| ശ്രീ.രാജേഷ് ഡി നായർ | അസിസ്റ്റന്റ് എഞ്ചിനിയർ | 31-07-2019 | 31-03-2020 |
| ശ്രീ. പ്രവീൺകുമാർ കെ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീമതി. സിന്ധുമോൾ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 24-07-2019 | 09-12-2019 |
| ശ്രീമതി. പൊന്നമ്മ എ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 10-12-2019 | 31-03-2020 |
| ശ്രീ. ബിനുമോൻ കെ കെ | കൃഷി ഓഫീസർ | 01-04-2019 | 27-09-2019 |
| ശ്രീമതി.അശ്വതി ടി വാസു | കൃഷി ഓഫീസർ | 28-09-2019 | 31-03-2020 |
| | | | |

| | | | |
|---|---|---|---|
| ഡോ.കെ.ഇ സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2019 | 31-03-2020 |
| ഡോ.ധന്യ ഡി.എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ.മാത്യു പി സി | വി.ഇ.ഒ | 01-04-2019 | 30-09-2019 |
| ശ്രീ.ജയസൂര്യ എം | വി.ഇ.ഒ | 01-10-2019 | 31-03-2020 |
| ശ്രീമതി. വി ശ്രീനന്ദിനി | ഐ.സി.ഡി.എസ് സൂപ്രവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.കെ.എൻ മിനിമോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.അരുൺ.റ്റി.എം. | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 03-03-2021) | 1-1 |
| 2 | സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 25-03-2021) | 1-1-1 |
| 3 | നടപടിക്രമങ്ങൾ പാലിക്കാതെ പുതുക്കിയ ബജറ്റ് പാസാക്കി<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 25-03-2021) | 1-1-2 |
| 4 | ബജറ്റ് എസ്റ്റിമേറ്റ് യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ അന്തരം<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 25-03-2021) | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 25-03-2021) | 1-2 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 25-03-2021) | 1-3 |
| 7 | വാർഷിക കണക്കുകളിലെ അപാകങ്ങൾ<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-4 |
| 8 | വ്യക്തമായ രേഖകളുടെ അഭാവത്തിൽ വാർഷിക കണക്കുകളിൽ ക്രമീകരണം നടത്തിയിരിക്കുന്നു<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-4-1 |
| 9 | വരവുകൾ തെറ്റായി പോസ്റ്റ് ചെയ്തിരിക്കുന്നു.<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-4-2 |
| 10 | ചെലവുകൾ ശരിയായി ബുക്ക് ചെയ്തിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-4-3 |
| 11 | കണക്കുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-4-4 |
| 12 | ഗ്രാന്റ് വിനിയോഗം<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-5 |
| 13 | പദ്ധതി നിർവ്വഹണത്തിൽ പാളിച്ച-വൻ തുക ലാപ്സായി പോകുന്നു<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-5-1 |
| 14 | വിവിധോദ്ദേശ്യ ഗ്രാന്റുകൾ പൂർണ്ണമായും ചെലവഴിക്കാതെ വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-5-2 |
| 15 | പദ്ധതി അവലോകനം<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-6 |
| 16 | വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-6-1 |
| 17 | സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-6-2 |
| 18 | പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-6-3 |
| 19 | പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി നിർദേശങ്ങൾ നൽകുന്നില്ല<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-6-4 |
| 20 | ആഭ്യന്തര നിയന്ത്രണം<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-7 |
| 21 | ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നില്ല<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-7-1 |
| 22 | സ്ഥാപനത്തിലെ റിസ്ക് മാനേജ്മെന്റ് സിസ്റ്റത്തിലെ പോരായ്മകൾ<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-7-2 |
| 23 | നികുതി വർദ്ധനവ്, കണക്കുകളുടെ പരിശോധന<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-7-3 |
| 24 | ക്യാഷ് പരിശോധന<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-8 |
| 25 | വാടക കുടിശിക ഈടാക്കിയിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-9 |

| | | |
|---|---|---|
| 26 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-10 |
| 27 | തെരുവ് വിളക്കുകളുടെ പരിപാലനം സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-11 |
| 28 | പൊതുടാപ്പുകളുടെ വെള്ളക്കരം സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-12 |
| 29 | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- ബിൽ തുകയിൽനിന്നും ജി.എസ്.റ്റി കുറച്ചിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-13 |
| 30 | ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രമീകരിച്ചിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-14 |
| 31 | ലൈഫ് ഭവനപദ്ധതി- ആദ്യ ഗഡു കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-15 |
| 32 | ആധുനിക അറവുശാല നിർമ്മാണത്തിന് പ്രോജക്ട് ആവിഷ്കരിച്ചില്ല. സർക്കാർ അനുവദിച്ച 60 ലക്ഷം രൂപാ പാഴാകാൻ സാധ്യത<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-16 |
| 33 | സാക്ഷരത പ്രേരക്മാർക്ക് ഹോണറേറിയം-മുൻകൂർ ക്രമീകരിച്ചിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-17 |
| 34 | ഓണം മുൻകൂർ തിരികെ ഈടാക്കിയിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 22-02-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 1-18 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Majo K George (Senior Grade Auditor)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.B.Baburaj (Auditor)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.U.Sunny (Audit Officer)<br>Last Updated By: () | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.U.Sunny (Audit Officer)<br>Last Updated By: () | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.B.Baburaj (Auditor)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.U.Sunny (Audit Officer)<br>Last Updated By: () | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.U.Sunny (Audit Officer)<br>Last Updated By: () | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.U.Sunny (Audit Officer)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Majo K George (Senior Grade Auditor)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Majo K George (Senior Grade Auditor)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.B.Baburaj (Auditor)<br>Last Updated By: M.U.Sunny (Audit Officer, On 30-03-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

08.02.2019ലെ പഞ്ചായത്ത് കമ്മിറ്റിയുടെ പ്രത്യേക ബജറ്റ് കമ്മറ്റിയിൽ 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടി. 322,739,284/- വരവും 368,360,868/- ചെലവും 43,305,747/- രൂപ മിച്ചവും വരുന്ന പരിഷ്കരിച്ച ബജറ്റ് 22.02.2020ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 തീരുമാനപ്രകാരം അംഗീകരിച്ചു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

### 1-1-1 സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ന് മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [സെക്ഷൻ 214 (1)]. നിർവ്വഹണ ഉദ്യോഗസ്ഥരും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിട്ടില്ല. ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 നടപടിക്രമങ്ങൾ പാലിക്കാതെ പുതുക്കിയ ബജറ്റ് പാസാക്കി

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റ് എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2019-20 പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും റിവൈസ്ഡ് പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കണം.

### 1-1-3 ബജറ്റ് എസ്റ്റിമേറ്റ് യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ അന്തരം

2019-20ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ₹ | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് ₹ | വ്യത്യാസം ₹ |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 7100000 | 4519587 | 2580413 |
| | എ | വസ്തുനികുതി | 5100000 | 3083111 | 2016889 |
| | ബി | തൊഴിൽ നികുതി | 1900000 | 1342000 | 558000 |
| 2 | | നികുതിയേതര വരവുകൾ | 6202500 | 3825853 | 2376647 |
| | എ | വാടക കെട്ടിടങ്ങൾ | 2000000 | 1377684 | 622316 |
| | ബി | ലൈസൻസ് | 350000 | 168430 | 181570 |
| | സി | യൂസർ ചാർജ്ജ് | 975000 | 570700 | 404300 |
| | ഡി | ഫോം | 225000 | 73214 | 151786 |
| | ഇ | പലിശ | 1000500 | 558845 | 441655 |
| 3 | | മറ്റ് വരവുകൾ | 257000 | 281541 | -24541 |
| 4 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 15488688 | 11559260 | 3929428 |
| 5 | | ഭരണ ചെലവുകൾ | 4163000 | 1228160 | 2934840 |
| 6 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 5310000 | 1983716 | 3326284 |

പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 21.05.2020 | | |

1-3 ക്ഷേമ പദ്ധതികൾ

2019-20ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണ ഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19680 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 267600 | 86 |
| വിധവാ പെൻഷൻ | 4375800 | 1292 |
| വാർദ്ധക്യകാല പെൻഷൻ | 10036500 | 3111 |
| വികലാംഗപെൻഷൻ | 1209600 | 346 |
| 50വയസ്സിനു മുകളിൽ പ്രായമുള്ളഅവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 98400 | 33 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 150000 | 4 |

1-4 വാർഷിക കണക്കുകളിലെ അപാകങ്ങൾ

2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിൽ ചുവടെ കൊടുത്തിരിക്കുന്ന അപാകങ്ങൾ ഉണ്ട്.

1-4-1 വ്യക്തമായ രേഖകളുടെ അഭാവത്തിൽ വാർഷിക കണക്കുകളിൽ ക്രമീകരണം നടത്തിയിരിക്കുന്നു

1. ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ പ്രയർ പീരിയഡ് ഐറ്റത്തിലെ 280100101 ഹെഡിൽ (I-18) ഗാർഹിക വസ്തു നികുതി കുടിശിക ഡിമാന്റ് ₹511118/- ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ, തുക ക്രമീകരിച്ചതിന് വ്യക്തമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രേഖകൾ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 4/15.07.2020ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ രേഖകളില്ലാതെ തുക ക്രമീകരിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

2. ഡിപ്രീസിയേഷനായി ₹11058585/- വാർഷിക പത്രികയിൽ കൊടുത്തിരിക്കുന്ന തുകയ്ക്ക് ഉപോദ്ബലകമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

3. ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന ആസ്തികളുടെ മൂല്യമായ ₹ 8708188/-ന് വ്യക്തതയില്ല.

1-4-2 വരവുകൾ തെറ്റായി പോസ്റ്റ് ചെയ്തിരിക്കുന്നു.

1. ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ 2019-20 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതിയായ ₹ 14750/- ജേണൽ മാത്രം ചെയ്തതിനാൽ റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.
2. ലൈഫ് ഭവനപദ്ധതിയ്ക്കായി വികസനഫണ്ട് പൊതുവിഭാഗം, പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടുകളുടെ രണ്ട്, മൂന്ന് ഗഡുക്കളിൽ നിന്നുമായി ₹ 7426471/-, ₹500000/-, ₹ 588235/-, വെള്ളക്കര കുടിശ്ശികയായി പൊതുവിഭാഗം ഫണ്ടിൽ നിന്നും 338/- ക്രമീകരിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾക്ക് ജേണൽ മാത്രം ചെയ്തതിനാൽ റസിപ്റ്റ് & പേയ്മെന്റ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല

1-4-3 ചെലവുകൾ ശരിയായി ബുക്ക് ചെയ്തിട്ടില്ല

ജീവനക്കാരുടെ ലീവ് സറണ്ടർ പോസ്റ്റ് ചെയ്തിട്ടുള്ളത് 210100101, 102, ഹെഡുകൾക്ക് പകരം 350110101, 102 ഹെഡുകളിലാണ്.

1-4-4 കണക്കുകൾ പൊരുത്തപ്പെടുന്നില്ല

NREGA, ടോട്ടൽ സാനിട്ടേഷൻ എന്നിവയുടെ B-17ലെ തുകകൾ B-14ലേതുമായി പൊരുത്തപ്പെടുന്നില്ല.

1-5 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ(ACR പ്രകാരം)* | | 0 | 20157191 | 20157191 | 19227366 | 929825 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)** | | 0 | 7879900 | 7879900 | 4695499 | 3184401 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)*** | | 0 | 4776865 | 4776865 | 3009775 | 1766990 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 31530900 | 31530900 | 14735428 | 16795472 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 7308000 | 7308000 | 1881201 | 5426799 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 21087198 | 21087198 | 4351791 | 16735407 |
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | | 28302 | 0 | 28302 | 0 | 28302 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 34889638 | 34889638 | 34889638 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 9047 | 489092 | 498139 | 495052 | 3087 |
| ഐ.സി.ഡി.എസ് | | 1321141 | 1167507 | 2272407 | 1501777 | 986871 |
| ടി.എസ്.സി | | 2656047 | 386501 | 3042548 | 270000 | 2772548 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| കുടിവെള്ള പദ്ധതി | | 194834 | 0 | 194834 | 0 | 194834 |
| ലൈഫ് സംസ്ഥാന വിഹിതം | | 256014 | 15980255 | 16236269 | 15656014 | 580255 |
| ആശ്രയ(ടി.എസ്.പി) | | 0 | 2034378 | 2034378 | 0 | 2034378 |
| സ്ലോട്ടർ ഹൗസ് നിർമ്മാണം | | 0 | 6000000 | 6000000 | 0 | 6000000 |
| വാക്കത്തി&മേമാരി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം (കോർപസ് ഫണ്ട്) | | 0 | 3425537 | 3425537 | 0 | 3425537 |
| ലൈഫ് വായ്പ തുക | | 51059781 | 57760000 | 108819781 | 105699704 | 3120077 |

*വികസന ഫണ്ട് പൊതു വിഭാഗത്തിന്റെ വിഹിതം- ₹7426471/- ലൈഫ് ഭവനപദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നുമെടുത്ത വായ്പയുടെ തിരിച്ചടവിനായിയും ₹ 338 വെള്ളക്കര കുടിശ്ശികയായും വികസനഫണ്ടിന്റെ രണ്ട്, മൂന്ന് ഗഡുക്കളിൽ നിന്നും കുറവ് വരുത്തിയത് ജേണൽ മാത്രം ചെയ്തതിനാൽ 2019-20 വരവ് ചെലവ് കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല.

**വികസന ഫണ്ട് പ്രത്യേക ഘടക വിഹിതം- ₹ 500000/- ലൈഫ് ഭവനപദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നുമെടുത്ത വായ്പയുടെ തിരിച്ചടവിനായി വികസനഫണ്ടിന്റെ രണ്ട്, മൂന്ന് ഗഡുക്കളിൽ നിന്നും കുറവ് വരുത്തിയത് ജേണൽ മാത്രം ചെയ്തതിനാൽ 2019-20 വരവ് ചെലവ് കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല.

***വികസന ഫണ്ട് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം- ₹ 588235/- ലൈഫ് ഭവനപദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നുമെടുത്ത വായ്പയുടെ തിരിച്ചടവിനായി വികസനഫണ്ടിന്റെ രണ്ട്, മൂന്ന് ഗഡുക്കളിൽ നിന്നും കുറവ് വരുത്തിയത് ജേണൽ മാത്രം ചെയ്തതിനാൽ 2019-20 വരവ് ചെലവ് കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലും അനാവശ്യ കാലതാമസം കാരണവും സർക്കാർ അനുവദിച്ച വികസന ഫണ്ടുകൾ, സംരക്ഷണ ഗ്രാന്റുകൾ എന്നിവ ലാപ്സായി പോയിരിക്കുന്നു. അതുപോലെ, വിവിധോദ്ദേശ്യ ഗ്രാന്റിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള തുകകൾ പൂർണ്ണമായും ചെലവഴിക്കാതെ ഗ്രാമ പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നു.

1-5-1 പദ്ധതി നിർവ്വഹണത്തിൽ പാളിച്ച-വൻ തുക ലാപ്സായി പോകുന്നു

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലും അനാവശ്യ കാലതാമസം കാരണവും സർക്കാർ അനുവദിച്ച വികസന ഫണ്ടുകൾ, സംരക്ഷണ ഗ്രാന്റുകൾ എന്നിവ ലാപ്സായി പോയിരിക്കുന്നു. പൊതു വിഭാഗം വികസന ഫണ്ട് ഒഴികെയുള്ളവയുടെ ചെലവ് 70 ശതമാനത്തിൽ താഴെയാണ്.

| ഫണ്ട് | അടങ്കൽ | ചെലവ് | ചെലവഴിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 27584000 | 26654175 | 929825 | 96.63 |
| വികസന ഫണ്ട് പ്രത്യേക ഘടകപദ്ധതി | 8379900 | 5195499 | 3184401 | 62 |
| വികസന ഫണ്ട് പട്ടികവർഗ്ഗ ഉപപദ്ധതി | 5365100 | 3598010 | 1767090 | 67.06 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 21087198 | 4351791 | 16735407 | 20.64 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 31530900 | 14735428 | 16795472 | 46.73 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 7308000 | 1881201 | 5426799 | 25.74 |
| ആകെ | 101255098 | 56416104 | 44838994 | 55.72 |

(അവലംബം-സുലേഖ ചെലവ് പത്രിക, എ.സി.ആർ)

2019-20 വാർഷിക പദ്ധതിക്ക് 2019 ജനവരി മാസം ഡി പി സി യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച വാർഷിക പദ്ധതിക്ക് 03.07.2019നും അംഗീകാരം ലഭിച്ചിട്ടുണ്ട്. 2019-20 വാർഷിക പദ്ധതി നിർവ്വഹണത്തിന് ഒരു പൂർണ്ണ വർഷം ലഭിച്ചിട്ടും പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാത്തത് വലിയ വീഴ്ചയാണ്. അംഗീകാരം ലഭിച്ച ഭൂരിഭാഗം പ്രോജക്ടുകളുടെയും ടെണ്ടർ നടപടികൾ സാമ്പത്തിക വർഷത്തിന്റെ മൂന്നാം പാദത്തിന്റെ അവസാനമാണ് ആരംഭിച്ചിട്ടുള്ളത്. ടെണ്ടർ നടപടിക്രമങ്ങൾ വൈകിയതു കാരണം പ്രോജക്ടുകളുടെ നിർവ്വഹണം താമസിക്കുകയും കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ പൂർണ്ണമായും നിർത്തി വയ്ക്കേണ്ട അവസ്ഥയും സംജാതമായി. സർക്കാർ നിർദേശിച്ചിരിക്കുന്ന നിർവ്വഹണ കലണ്ടർ പ്രകാരം പദ്ധതി നടപ്പാക്കുന്നതിന് ശ്രദ്ധിച്ചിരുന്നെങ്കിൽ പദ്ധതിപ്പണം പാഴായി പോകുകയില്ലായിരുന്നു.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2019 ജൂലൈ മാസം മുതലുള്ള പ്രതിമാസ യോഗങ്ങളിൽ പദ്ധതി പുരോഗതി മന്ദഗതിയിലാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികൾ പൂർത്തീകരിച്ച് ബില്ല് ട്രഷറിയിൽ സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണെന്നും നിർദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദേശങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾക്ക് വേഗത കൈവരിക്കുന്നതിനും സാധിച്ചിട്ടില്ല. അതുകാരണം സർക്കാർ അനുവദിച്ച ഫണ്ട് ലാപ്സായി പോകുകയും ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10.07.2019ലെ

ഡി.എ.1/221/2019 സർക്കുലർ പ്രകാരം 45 ശതമാനം പദ്ധതി ചെലവ് 2019 സെപ്റ്റംബർ മാസം വരെ നടത്തണമെന്ന നിർദേശവും പാലിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷത്ത ക്യൂ ലിസ്റ്റിലുൾപ്പെട്ട ബില്ലുകൾ മാറുന്നതിനാണ് 2019-20 സാമ്പത്തിക വർഷം ചെലവഴിച്ച വിവിധ ഫണ്ടുകളിലെ 17.68 ശതമാനം തുക വിനിയോഗിച്ചിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി അംഗീകാര പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മോണിറ്ററിംഗ് സമിതികളായി മാറണമെന്ന പദ്ധതി മാർഗ്ഗരേഖയിലെ നിർദേശം പാലിച്ചിട്ടില്ല. സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ യഥാസമയം പൂർണ്ണമായും വിനിയോഗിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയും സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും ശ്രദ്ധിക്കേണ്ടതാണ്.

1-5-2 വിവിധോദ്ദേശ്യ ഗ്രാന്റുകൾ പൂർണ്ണമായും ചെലവഴിക്കാതെ വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നു

വിവിധോദ്ദേശ്യ ഗ്രാന്റിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള തുകകൾ പൂർണ്ണമായും ചെലവഴിക്കാതെ ഗ്രാമ പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഗ്രാന്റിനം | തുക ലഭിച്ച വർഷം | ചെലവാകാതെ അവശേഷിക്കുന്ന തുക(₹) | അക്കൗണ്ട് |
|---|---|---|---|
| കണ്ണംപടി കുടിവെള്ള പദ്ധതി (പട്ടിക വർഗ വികസന വകുപ്പ്) | 2017-18 | 194834 | ട്രഷറി TSB |
| സമ്പൂർണ ശുചിത്വം | - | 2772548/- (മുൻവർഷ നീക്കിയിരുപ്പ് ₹2656047/-) | കേരള ഗ്രാമീൺ ബാങ്ക് |
| പ്രളയ ദുരിതാശ്വാസ ഫണ്ട് | 2017-18 | 28302 | ഐ.ഡി.സി.ബി |
| ആശ്രയ ഫണ്ട്(TSP) | 2019-20 | 2034378 | ഐ.ഡി.സി.ബി |
| വാക്കത്തി&മേമാരി കമ്മ്യൂണിറ്റിഹാൾ നിർമ്മാണം (പട്ടിക വർഗ വികസന വകുപ്പ്) | 2019-20 | 3425537 | ഐ.ഡി.സി.ബി |
| എസ്.സിവിദ്യാർത്ഥികൾക്ക് പഠനമുറി(ബ്ലോക്ക് പഞ്ചായത്ത്) | 2018-19 | 200000 | ട്രഷറി ജോയിന്റ് വെൻച്വർ |
| ലൈഫ് പാർപ്പിട പദ്ധതി (SCP) | 2018-19 | 3425537 | ട്രഷറി ജോയിന്റ് വെൻച്വർ |
| ലൈഫ് പാർപ്പിട പദ്ധതി ജനറൽ (ബ്ലോക്ക് പഞ്ചായത്ത്) | 2018-19 | 30000 | ട്രഷറി ജോയിന്റ് വെൻച്വർ |
| സ്ലോട്ടർ ഹൗസ് നിർമ്മാണം (മലിനീകരണ നിയന്ത്രണം) | 2018-19 | 6000000 | ട്രഷറി പ്ലാൻ |
| ഓട്ടോറിക്ഷ വാങ്ങൽ അധിക തുക തിരിച്ചടച്ചത് | 2016-17 | 87240 | ഐ ഡി സി ബി |

വിവിധോദ്ദേശ്യ ഗ്രാന്റിനത്തിൽ ലഭിച്ചിട്ടുള്ള തുകകൾ യഥാസമയം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓട്ടോറിക്ഷ വാങ്ങൽ പദ്ധതിക്കായി 2016-17 വർഷം വികസനഫണ്ടിൽ നിന്നും അധികം പിൻവലിച്ചതും തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളതുമായ ₹87240/- സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

1-6 പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 251 | 391727818 | 114 | 176856165 | 79 | 58 | 45.42 |

2019-20 വാർഷിക പദ്ധതി 192 പുതിയ പ്രോജക്ടുകൾക്ക് 17.63 കോടിയും 59 സ്പിൽഓവർ പ്രോജക്ടുകൾക്ക് 21.53 കോടി രൂപയും വകയിരുത്തിയാണ് ആവിഷ്കരിച്ചത്. 65 പുതിയ പ്രോജക്ടുകളിലായി 6.31കോടിയും 49 സ്പിൽ ഓവർ പ്രോജക്ടുകളിലായി 11.36 കോടി രൂപയും ചെലവഴിച്ചു. 2019-20 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്.

1-6-1 വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

1-6-2 സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

1-6-3 പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

ഫണ്ടുകളുടെ അപര്യാപ്തത, പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ കാലതാമസം എന്നിവ കാരണം ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച പ്രോജക്ടുകളിൽ 2018-19 സാമ്പത്തിക വർഷം ക്യൂ ബില്ലിൽ ഉൾപ്പെട്ട പ്രോജക്ടുകൾ, സർക്കാർ പ്രോജക്ടുകൾ (ലൈഫ് ഭവന പദ്ധതിവായ്പ, വെള്ളക്കര കുടിശിക അംഗൻവാടി ഹെൽപ്പർമാർക്ക് അധികവേതനം) എന്നിവ ഒഴിവാക്കിയാൽ 25.89 ശതമാനം മാത്രമേ പൂർത്തീകരിച്ച് ചെലവ് നടത്തുന്നതിന് സാധിച്ചിട്ടുള്ളൂ. സർക്കാർ മാർഗ്ഗ നിർദേശം പാലിച്ച് സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കി ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ 2019-20 പദ്ധതിയിലെ 79 പ്രോജക്ടുകൾ (₹2,78,89,519) ക്യൂവിലേയ്ക്ക് മാറ്റേണ്ടതായി വന്നു. ക്യൂവിൽ ഉൾപ്പെട്ട ബില്ലുകളിൽ ₹1,15,54,224 യുടെ 41 ബില്ലുകൾ മാത്രമാണ് 31.03.2020നകം ട്രഷറിയിൽ ഫിസിക്കൽ കോപ്പി സമർപ്പിച്ചിട്ടുള്ളത്. 2018 ഡിസംബറിൽ തന്നെ 2019-20 വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 4 | 4043488 | 914923 |
| വെറ്ററിനറി സർജൻ | 13 | 7 | 7156622 | 3441384 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | 1000000 | 997243 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 6 | 3 | 226459020 | 115780000 |
| ഐ സി ഡി എസ് സൂപ്രവൈസർ | 4 | 4 | 6744000 | 5016189 |
| സെക്രട്ടറി | 34 | 17 | 25981914 | 17366846 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 162 | 62 | 76117294 | 20058313 |
| ഹെഡ്മാസ്റ്റർ | 1 | 0 | 700000 | 0 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 800000 | 400000 |
| മെഡിക്കൽ ഓഫീസർ, സി എച്ച് സി | 2 | 2 | 900174 | 528475 |
| അസിസ്റ്റന്റ് സെക്രട്ടറി | 18 | 11 | 41825306 | 12352792 |
| ആകെ | 251 | 114 | 391727818 | 176856165 |

(അവലംബം-സുലേഖ ചെലവ് പത്രിക)

ലൈഫ് ഭവനപദ്ധതി, പാലിന് സബ്സിഡി, പാലിയേറ്റീവ് കെയർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്, വിവിധ റോഡ് പ്രവർത്തികൾ എന്നിവയാണ് നടപ്പാക്കിയ പ്രധാന പ്രോജക്ടുകൾ. ആധുനിക അറവുശാല നിർമ്മിക്കുന്നതിന് 60 ലക്ഷം സർക്കാരിൽ നിന്നും 31.03.2019ന് ലഭിച്ചെങ്കിലും 2019-20ൽ പഞ്ചായത്ത് പ്രോജക്ട് പോലും ഏറ്റെടുത്തില്ല. കാർഷിക, മൃഗസംരക്ഷണ, വിദ്യാഭ്യാസ, പശ്ചാത്തല മേഖലകളിൽ ആവിഷ്കരിച്ച പ്രോജക്ടുകൾ മിക്കതും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചില്ല.

1-6-4 പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി നിർദേശങ്ങൾ നൽകുന്നില്ല

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രതിമാസ യോഗങ്ങളിൽ പ്രോജക്കുകൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടെന്ന് കണ്ടെത്തിയതിനാൽ പ്രോജക്കുകൾ കൃത്യസമയത്ത് നടപ്പാക്കുന്നതിന് ശുപാർശകൾ നൽകിയിട്ടുണ്ടെങ്കിലും കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും അവയുടെ കീഴിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്കുകളുടെ നിർവ്വഹണത്തിൽ നേതൃത്വപരമായ ചുമതലകൾ നിർവ്വഹിക്കണമെന്നും വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്കുകളുടെ മോണിറ്ററിംഗ് കൃത്യമായി നടത്തണമെന്നുമുള്ള നിർദേശം പാലിക്കാത്തത് പദ്ധതി നടത്തിപ്പിലെ കാലതാമസത്തിന് കാരണമായിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ 2020-21 വാർഷിക പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പുകൾ ഒരു യോഗം മാത്രമാണ് കൂടിയിട്ടുള്ളത്.

വാർഷിക പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഫണ്ടുകൾ ലാപ്സായി പോകാതിരിക്കുന്നതിനും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും പഞ്ചായത്തു കമ്മിറ്റിയും സവിശേഷ ശ്രദ്ധ നൽകേണ്ടതാണ്.

1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിന്റെ അവലോകനവും പോരായ്മകളും പരിഹാരനടപടികളും ചുവടെ കൊടുക്കുന്നു

1-7-1 ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നില്ല

ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ബജറ്റ് പ്രൊപ്പോസലുകൾ സ്വീകരിക്കുകയോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയൊഴികെയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ബജറ്റ് വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ചിട്ടില്ല.

1-7-2 സ്ഥാപനത്തിലെ റിസ്ക് മാനേജ്മെന്റ് സിസ്റ്റത്തിലെ പോരായ്മകൾ

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ നടത്തിയുള്ള സമാഹരണ രീതി അവലംബിച്ചിട്ടില്ല. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ്. എന്നാൽ വാങ്ങലുകൾ നടത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് കമ്മറ്റി അവലംബിച്ചിട്ടുള്ളത്.

നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവയുടെ രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വീഴ്ച വരുത്തിയിട്ടുണ്ട്.

ഓഫീസ് ഓർഡർ പരിശോധിച്ചതിൽ ജീവനക്കാർക്ക് സെക്ഷൻ ക്രമത്തിൽ ജോലി വിഭജനം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. ഓഫീസ് മീറ്റിംഗുകൾ യഥാസമയം വിളിച്ചു ചേർക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്റ്റാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

ഭരണസമിതി യോഗങ്ങളിലും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ യോഗങ്ങളിലും സജീവമായ ചർച്ചകളും ഫലപ്രദമായ തീരുമാനങ്ങളും ഉണ്ടാകുന്നുണ്ടെങ്കിലും തീരുമാനങ്ങൾ പിന്നീട് നടപ്പാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല.

1-7-3 നികുതി വർദ്ധനവ്, കണക്കുകളുടെ പരിശോധന

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100 ശതമാനം പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി, ലൈസൻസ് ഫീസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകൾ നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് കമ്മിറ്റി ശ്രമം നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

പ്രതിമാസ വരവുചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

വിവിധ വരവുകൾ കൃത്യമായ ഹെഡുകളിൽ പോസ്റ്റ് ചെയ്യുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. തെറ്റായ ഹെഡുകളിൽ പോസ്റ്റ് ചെയ്തിട്ടുള്ള വരവുകൾ സാമ്പത്തികവർഷാവസാനം മാത്രമാണ് ജേണൽ വൗച്ചർ മുഖേന ക്രമീകരിച്ചിട്ടുള്ളത്. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയിൽ സാമ്പത്തിക വർഷാരംഭത്തിൽ നടത്തേണ്ട ജേണൽ എൻട്രികൾ (തൻവർഷ വരുമാനം, കുടിശിക വരുമാനം, മുൻകൂർ വരുമാനം) യഥാസമയം ചെയ്തിട്ടില്ല.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.07.2020 10.40 AM ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 5719/- (അയ്യായിരത്തി എഴുന്നൂറ്റി പത്തൊൻപത് രൂപ മാത്രം) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 വാടക കുടിശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന മുറികൾ നിയമപ്രകാരമുള്ള കരാർ ചമച്ച് വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല.

| ക്രമ നം | മുറി നം | കുടിശ്ശികക്കാരന്റെ പേര് | പ്രതിമാസ വാടക (₹) | ഓഡിറ്റ് വർഷത്തിലെ ആകെ കുടിശ്ശിക (₹) |
|---|---|---|---|---|
| 1 | 1, ഉപ്പുതറ | അരുൺ എ തെക്കേക്കുന്നേൽ, ഉപ്പുതറ | 8968 | 107616.00 |
| 2 | 50, ഉപ്പുതറ | സാജു കെ എസ് കൊല്ലശേരിയിൽ, ഉപ്പുതറ | 2714 | 32568.00 |

ക്രമ നം. 1 പ്രകാരമുള്ള കുടിശികക്കാരനിൽ നിന്നും വാടക ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയെങ്കിലും വാടക ഒടുക്കിയിട്ടില്ല. റവന്യൂ റിക്കവറി നടപടികളിലൂടെ പിഴപലിശയടക്കം വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രമ നമ്പർ 2 പ്രകാരമുള്ള കടമുറി ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 23.10.2018 ലെ 10(1) നമ്പർ തീരുമാനപ്രകാരം നീതി സ്റ്റോർ വിപുലീകരിക്കുന്നതിനുവേണ്ടി ഒഴിപ്പിക്കുന്നതിന് തീരുമാനിക്കുകയും 29.10.2018 ൽ വാടകക്കാരന് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ സാജു കെ. എസ്. കമ്മറ്റിയുടെ തീരുമാനത്തിന് എതിരെ ബഹു. കേരള ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങി. വാടകക്കാരൻ നാളിതുവരെ മുറി ഒഴിവായിട്ടില്ലാത്തതും ഓഡിറ്റ് തീയതി വരെ വാടക ഒടുക്കിയിട്ടില്ലാത്തതുമാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-10 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്റ്റ് നം. | 194/20 |
| പദ്ധതി അടങ്കൽ | ₹988987/- |
| പദ്ധതി ചെലവ് | ₹988987/- |
| ബിൽ നം./തീയതി | 6/05.04.2019 |

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും ₹988987/-ചെലവഴിച്ചിട്ടുണ്ട്. പാൽ ലിറ്റർ ഒന്നിന് ₹3/- നിരക്കിൽ 95 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനാണ് തുക വിനിയോഗിച്ചിട്ടുള്ളത്. ആകെയുള്ള 95 ഗുണഭോക്താക്കളിൽ മലനാട് ക്ഷീരോല്പാദക സഹകരണ സംഘത്തിൽ നിന്നുള്ള 28 ക്ഷീര കർഷകരുടെ പാൽ അളവ് വിവരങ്ങൾ ഭാഗികമായി മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.5) മറുപടി നൽകിയിട്ടില്ല. ₹988987/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-11 തെരുവ് വിളക്കുകളുടെ പരിപാലനം സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 2019-20 സാമ്പത്തിക വർഷം ₹ 144685/- കേരള സംസ്ഥാന വിദ്യുത്ച്ഛക്തി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. പ്രതിമാസം ശരാശരി ₹ 12057/- യാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്ത് ഒടുക്കുന്നത്. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾ വാങ്ങുമ്പോൾ രേഖപ്പെടുത്തുന്നതിന് സ്റ്റോക്ക് രജിസ്റ്റർ, കേടായ സാധനങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ പരിപാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. വാർഡ് മെമ്പർ ചെയർമാനായ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്നും കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് തെരുവ് വിളക്കുകളുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതും ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.07.2010-ലെ 43472/ഡി.സി.3 സർക്കുലർ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. കൂടാതെ, കെ.എസ്.ഇ.ബി യുമായി ചേർന്ന് സർക്കാർ നിർദേശങ്ങൾ പാലിച്ച് സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗും നടത്തുന്നില്ല. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട മേൽ ഉത്തരവിലെയും സർക്കുലറിലെയും നിർദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011ലെ 3055/ഡി.എ.3/2011, 29.05.2018ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദേശങ്ങളും പാലിക്കേണ്ടതാണ്. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-12 പൊതുടാപ്പുകളുടെ വെള്ളക്കരം സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമായി ₹ 333704/- കേരള വാട്ടർ അതോറിറ്റിയിൽ 2019-20 സാമ്പത്തിക വർഷം ഒടുക്കിയിട്ടുണ്ട്. പ്രതിമാസം ശരാശരി ₹27836/- വീതമാണ് വെള്ളക്കരമായി ഒടുക്കുന്നത്. കൂടാതെ, വെള്ളക്കര കുടിശികയായി ഗ്രാമപഞ്ചായത്തിന്റെ പൊതുവിഭാഗം വികസന ഫണ്ടിന്റെ രണ്ട്, മൂന്ന് ഗഡുക്കളിൽ നിന്നും ₹338/- സർക്കാർ കുറവ് ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 59 പൊതുടാപ്പുകൾക്കാണ് വെള്ളക്കരം ഒടുക്കുന്നത്. 23.06.2006 ലെ സർക്കാർ ഉത്തരവ് (സാധാ)1501/2006/തസ്വഭവ, 28.09.2011ലെ സർക്കാർ ഉത്തരവ് (സാധാ) 2242/തസ്വഭവ എന്നിവ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന പൊതുടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് അവസാനമായി സംയുക്ത പരിശോധന നടത്തിയിട്ടുള്ളത് 2010-ലാണ്. സർക്കാർ നിർദേശം പാലിച്ച് പൊതുടാപ്പുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതും പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ) നം. 6105/2019/ധന തി. 01.08.2019, സ.ഉ.(സാധാ) നം. 10050/2019/ധന.തി.21.12.2019 എന്നീ ഉത്തരവുകളിലും സംയുക്ത പരിശോധന നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതും പൊതുടാപ്പുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്.

1-13 ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- ബിൽ തുകയിൽനിന്നും ജി.എസ്.റ്റി കുറച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഉപ്പുതറ ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി നടപ്പാക്കുന്നതിനായി ₹292488/- (ബിൽ നം.1/2019-20,7-6-2019) വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക ₹ |
|---|---|
| ആകെ വേലമൂല്യം- | 280975 |
| എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം | 8635 |
| അളവ് പരിശോധന | 2878 |
| ആകെ | 292488 |
| ആദായ നികുതി | 2810 |
| നി.തൊ.ക്ഷേ.വിഹിതം | 2810 |
| എസ്റ്റിമേറ്റ് തയ്യാറാക്കൽ,മേൽനോട്ടം | 8635 |
| അളവ് പരിശോധന | 2878 |
| കരാറുകാരന് നൽകിയത് | 275355 |

ബില്ലിൽ നിന്നും 2% ജി.എസ്.റ്റി തുക ₹5507/-(275355x2/100) ഈടാക്കിയിട്ടില്ല. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രമീകരിച്ചിട്ടില്ല

2019-20 വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വേപ്പിൻ പിണ്ണാക്ക് വിതരണം എന്ന പദ്ധതി ഇ-ടെണ്ടർ മുഖേനയാണ് നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഈ പദ്ധതിയുടെ ടെണ്ടർ (1118x4= 4472) ഫീ കൃഷി വകുപ്പ് ഡയറക്ടറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ 50 പ്രവൃത്തികൾക്കായി 105 ഇ-ടെണ്ടറുകൾ ലഭിക്കുകയും ആയതിൻ പ്രകാരം ലഭിച്ച തുക ₹128385/- ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. പ്രസ്തുത തുകകൾ തിരികെ വാങ്ങി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-15 ലൈഫ് ഭവനപദ്ധതി- ആദ്യ ഗഡു കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതിയ്ക്കായി പഞ്ചായത്തുമായി കരാർ വെച്ച ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

| ക്രമ നം | പേരും വിലാസവും | കരാർ തിയതി | കൈപ്പെറ്റിയ തുക | ഫണ്ട് |
|---|---|---|---|---|
| 1 | വിദ്യാധരൻ സി ആർ,<br>ചവറനാനിക്കൽ, ചിന്നാർ | 15.02.2019 | 40000 | ഹഡ്കോ<br>ലോൺ |
| 2 | ഓമന കരുണാകരൻ, പൊയ്കയിൽ,<br>കാപ്പിപ്പതാൽ | 30.03.2019 | 40000 | ഹഡ്കോ<br>ലോൺ |

ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമ്മാണം തുടരുന്നില്ലെങ്കിൽ അനുവദിച്ച ധനസഹായം പലിശ സഹിതം തിരികെ ഈടാക്കി സർക്കാർ നിശ്ചയിച്ചിട്ടുള്ള അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കേണ്ടതാണ്.

1-16 ആധുനിക അറവുശാല നിർമ്മാണത്തിന് പ്രോജക്ട് ആവിഷ്കരിച്ചില്ല. സർക്കാർ അനുവദിച്ച 60 ലക്ഷം രൂപാ പാഴാകാൻ സാധ്യത

ഉപ്പുതറ ഗ്രാമപഞ്ചായത്തിൽ ആധുനിക അറവുശാല പണിയുന്നതിനായി 10 ലക്ഷം രൂപ വികസനഫണ്ടും 22.50 ലക്ഷം രൂപ ശുചിത്വമിഷന്റെ ഫണ്ടും ചേർന്ന് 32.50 ലക്ഷം രൂപ അടങ്കലിൽ 2014-15 ൽ പ്രോജക്ട് തയ്യാറാക്കുകയും 2014-15 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 10 ലക്ഷവും 2016-17 സാമ്പത്തിക വർഷം ശുചിത്വമിഷന്റെ 22.50 ലക്ഷം രൂപയും ചെലവഴിച്ച് അറവുശാല കെട്ടിടത്തിന്റെ സ്ട്രക്ച്ചർ പണി പൂർത്തീകരിച്ചിരുന്നു. എന്നാൽ, മെഷിനറികൾ സ്ഥാപിച്ച് അറവുശാല പ്രവർത്തന സജ്ജമാക്കുന്നതിന് സാധിച്ചില്ല.

ഗ്രാമപഞ്ചായത്തിന്റെ 12.04.2018 ലെ 3-1 നമ്പർ പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന തീരുമാനമെടുത്തിട്ടുണ്ട്.

“ഗ്രാമപഞ്ചായത്തിൽ ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് ശുചിത്വ മിഷന്റെ ഫണ്ടും പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ച് കെട്ടിടത്തിന്റെ സ്ട്രക്ച്ചർ പണി പൂർത്തിയായി കിടക്കുകയാണ്. മെഷീനറികളെല്ലാം സ്ഥാപിച്ച് അറവുശാല പ്രവർത്തനക്ഷമമാക്കുന്നതിന് ഇനിയും 60 ലക്ഷം രൂപയെങ്കിലും ആവശ്യമുള്ളതായി വരും. ഈ വിവരങ്ങൾ പഞ്ചായത്ത് കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. അത്രയും തുക ഒരുമിച്ച് പഞ്ചായത്തിൽ നിന്നും എടുക്കാൻ കഴിയാത്തതിനാൽ ശുചിത്വമിഷനിൽ നിന്നും തുക ആവശ്യപ്പെടാവുന്നതാണെന്ന് കമ്മിറ്റിയിൽ നിർദ്ദേശം ഉയർന്നുവന്നു. പണി പൂർത്തിയായില്ലെങ്കിൽ ചെലവാക്കിയ 32 ലക്ഷം രൂപ പാഴായിപ്പോകുമെന്നും കമ്മിറ്റി വിലയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ അറവുശാല പണി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിന് ശുചിത്വമിഷനോട് അപേക്ഷിക്കുന്നതിന് കമ്മിറ്റി ഐകകണ്ഠേന തീരുമാനിച്ചു.”

കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് അപേക്ഷ സമർപ്പിക്കുകയും 25.03.2019 ലെ സർക്കാർ ഉത്തരവ് (സാധാ)707/2019/തസ്വഭവ പ്രകാരം ഉപ്പുതറ ഗ്രാമപഞ്ചയാത്തിന് ആധുനിക അറവുശാല പണിയുന്നതിന് 60 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. 2018-19 സാമ്പത്തിക വർഷാവസാനം അനുവദിച്ച തുക ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടതിനാൽ 10.04.2019 ലെ 31/2019/ധന സർക്കുലറിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ 25.04.2019 ലെ PAN826221/2018-J5(DP) ഉത്തരവ് പ്രകാരം തുക അനുവദിച്ചു.

അറവുശാല നിർമ്മിക്കുന്നതിന് അനുവദിച്ച 60 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള 799012700001770 എന്ന PSTSB അക്കൗണ്ടിൽ നിക്ഷേപിച്ചു. 31.03.2020 നകം തുക അനുവദിക്കപ്പെട്ടിട്ടുള്ള ആവശ്യത്തിലേക്ക് മാത്രം 31.03.2020 നകം ചെലവഴിച്ച് ഗ്രാമപഞ്ചായത്ത് വിനിയോഗ

സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണെന്നും പഞ്ചായത്ത് ഡയറക്ടർ നിർദേശിച്ചിരുന്നു.

ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ അറവുശാല നിർമ്മാണം എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ല. ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് നടക്കുന്ന അവസരത്തിലും 2020-21 വാർഷിക പദ്ധതിയിലും പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ അനുവദിച്ച തുക ചെലവഴിക്കുന്നതിന് പ്രോജക്ട് പോലും ആവിഷ്കരിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. പ്രോജക്ട് ആവിഷ്കരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2020-21 വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആധുനിക അറവുശാലയുടെ സ്ട്രക്ചർ പണിയുന്നതിന് ചെലവഴിച്ച 32.50 ലക്ഷം രൂപ പാഴ്ചെലവാകുമെന്ന കാരണം ബോധിപ്പിച്ച് കമ്മിറ്റി ആവശ്യപ്പെട്ട 60 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിട്ടും തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുകപോലും ചെയ്യാത്തത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ അനാസ്ഥയാണ്. ഇത് ഭാവിയിൽ പഞ്ചായത്തിന് പ്രത്യേക ധനസഹായങ്ങൾ ലഭിക്കുന്നതിന് ഭംഗം വരുത്തുന്നതുമാണ്. അറവുശാല നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രോജക്ട് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ അനുവദിച്ച 60 ലക്ഷം രൂപ ലാപ്സായി പോകാതെ ചെലവഴിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെയും വികസനകാര്യ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലുണ്ടാവേണ്ടതാണ്.

### 1-17 സാക്ഷരത പ്രേരക്മാർക്ക് ഹോണറേറിയം-മുൻകൂർ ക്രമീകരിച്ചിട്ടില്ല

സാക്ഷരതാ മിഷനിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുമെന്ന വ്യവസ്ഥയിൽ സാക്ഷരതാ പ്രേരക് മാർക്ക് ഹോണറേറിയം നൽകുന്നതിനായി ₹ 135240/- തനത് ഫണ്ടിൽ നിന്നും മുൻകൂറായി 2016-17 സാമ്പത്തിക വർഷം നൽകിയിരുന്നു. 2019-20 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ₹ 135420/- ബാലൻസ് ഷീറ്റിലെ 460509901-അഡ്വാൻസ് ടു അദേഴ്സ് ഹെഡിൽ ക്രമീകരിക്കുന്നതിനായി അവശേഷിക്കുന്നുണ്ട്. സാക്ഷരതാ മിഷനിൽ നിന്നും തുക ലഭ്യമാക്കി തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-18 ഓണം മുൻകൂർ തിരികെ ഈടാക്കിയിട്ടില്ല

2019-20 വർഷം ഓണം മുൻകൂർ കൈപ്പറ്റിയ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാർ തുക പൂർണ്ണമായും തിരികെ ഒടുക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | കൈപ്പറ്റിയ തുക ₹ | തിരികെ ഒടുക്കിയത് ₹ | ഒടുക്കാൻ അവശേഷിക്കുന്ന തുക ₹ |
|---|---|---|---|---|
| 1. | അജിത്കുമാർ, സെക്രട്ടറി | 15000 | 3000 | 12000 |
| 2. | ബൈജു.എം.ബഷീർ | 15000 | 12000 | 3000 |
| 3. | സി.എൻ സനിൽകുമാർ, അക്കൗണ്ടന്റ് | 15000 | 12000 | 3000 |

ഓണം മുൻകൂർ കൈപ്പറ്റിയ ജീവനക്കാരിൽ നിന്നും തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| വർഷം | പരിശോധിച്ച തിയതി | |
|---|---|---|
| 2019-20 | 2019-20 വർഷത്തെ ഓഡിറ്റിൽ പരിശോധിച്ച | പ്രത്യേക സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടില്ല |

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | മുന്നിരുപ്പ് | തൻവർഷം | | | |
| ബ്ലോക്ക് പഞ്ചായത്ത് | 30000 | | ലൈഫ് പാർപ്പിട പദ്ധതി (224/20) | 0 | 30000 |
| | 62974 | | പാലിയേറ്റീവ് കെയർ (192/20) | 47080 | 15894 |
| | 250000 | | SC.വിദ്യാർത്ഥികൾക്ക് പഠന മുറി(223/20) | 50000 | 200000 |
| | 1187766 | | ലൈഫ് പാർപ്പിട പദ്ധതി (എസ്.സി.പി) | 0 | 1187766 |
| | 212040 | | ലൈഫ് പാർപ്പിട പദ്ധതി (ടി.എസ്.പി) | 210000 | 2040 |
| | | 13072959 | ലൈഫ് പാർപ്പിട പദ്ധതി (154/20) | 11480000 | 1592959 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(12/20) | 100000 | 0 |
| | | 2358400 | ലൈഫ് എസ്.സി.പി (155/20) | 820000 | 1538400 |
| | | 466000 | ലൈഫ് ടി.എസ്.പി | 390000 | 76000 |
| | | 95160 | പാലിയേറ്റീവ് കെയർ(3/20) | 95160 | 0 |
| ജില്ലാ പഞ്ചായത്ത് | 4068574 | | ലൈഫ് എസ്.സി.പി (226/20) | 3411500 | 657074 |
| | 245272 | | ലൈഫ് ടി.എസ്.പി (227/20) | 232400 | 12872 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | സ.ഉ.(സാധാ) 293336/ ഡിബി/1/ 510/ ത.സ്വ.ഭ.വ തീ.23.09.14 | 18000000 | 11940000 | 1800000 | 601911 | 10140000 |
| ഇ.എം.സ് ഭവന പദ്ധതി | ജി.ഒ. 229/10/ LSGD | 25434000 | 2900366 | 2900366 | | 0 |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(സാധാ) 68/18/LSGD തീ.18.5.18 | 57760000 | 80020000 | 8514706 | | 129265294 |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല | തുടരുന്നു |
| 2006-07 | 3(3) | 2009-10 | 2(8) | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് ₹3,14,800/- | തുടരുന്നു |
| 2014-15 | 2-9 | 2016-17 | അനുബന്ധം 3 | വസ്തുനികുതി അപാകതകൾ | തുടരുന്നു |
| 2015-16 | 2-10 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

## (എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1998-99 | 21എ | കെ. എൻ. അശോകൻ സെക്രട്ടറി | LF.7513/ SplCell/ SC2/02 Dt.01.03.03 | 110 | - | ഇല്ല | - | - | - | - | 110 | - |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ | റിപ്പോർട്ട് | ഖണ്ഡിക | ഉത്തരവാദിയായ | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ | റവന്യൂ | കോടതി വ്യവ | ആകെ ലഭ്യ | അവശേഷിക്കുന്ന | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|

| നം. | വർഷം | നം. | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗികസ്ഥാനം, ഭരണ വകുപ്പ് | | | തുക (രസീത് നമ്പർ/ തീയതി) | റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | ഹാരങ്ങളിൽ | | മായ തുക | തുക/ ബാധ്യത | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2000-01 | 29 | കെ.എൻ അശോകൻ സെക്രട്ടറി | LF.20351/ SplCell/ SC2/04 Dt. 30.11.05 | 2056 | - | - | - | - | - | 2056 | - |
| 2 | 2003-04 | 3-6 | ചന്ദ്രശേഖരൻ എ.ഇ. | LF-9186 Spl.Cell/ SC2/2007 Dated. 17.02.10 | 8264 | - | - | - | - | - | 8264 | - |
| 3 | 2005-06 | 3-4, 3-5 | മുഹമ്മദ് കുഞ്ഞ് | LF21419 Spl.Cell/ SC2/2009 Dated. 04.03.10 | 19376 | - | - | - | - | - | 19376 | - |
| 4 | 2010-11 | 3-8 | ദാനിയേൽ മാത്യു | LF-6984 Spl.Cell/ SC2/2013 Dated. 13.03.14 | 14000 | - | - | - | - | - | 14000 | - |
| 5 | 2014-15 | 3-3 | ഡോ. ബി. രഘുനാഥ് വെറ്ററിനറി സർജൻ | KSA-9746 Spl.Cell/ CSC/C1/2016 Dated. 14.2.2020 | 17500 | - | - | - | - | - | 17500 | - |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹175770826 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹206907390 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹988987 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 988987 | ശ്രീ. അരുൺ റ്റി. എം. വെറ്ററിനറി സർജൻ |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റ വിവരം

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| | | |
|---|---|---|
| 1-13 | 5507 | ശ്രീ.പ്രവീൺകുമാർ കെ.എസ്, അസി.സെക്രട്ടറി |

## (ഡി)നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

## (ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അരുൺ റ്റി എം,<br>വെറ്ററിനറി സർജൻ | മൃഗാശുപത്രി<br>മേലുകാവ് | തോട്ടിപ്പുറത്ത്(H)<br>കരികാട്ടൂർ പി.ഒ<br>കോട്ടയം-686544 |
| ശ്രീ.പ്രവീൺകുമാർ കെ.എസ്<br>അസി.സെക്രട്ടറി | നെടുങ്കണ്ടം<br>ഗ്രാമപഞ്ചായത്ത് | ഉഷസ്<br>കുളങ്ങരഭാഗം<br>ചവറ പി.ഒ<br>കൊല്ലം-691583 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1962-63 & 1977-78 | എൽ.എഫ്.ഐ-7/ 1196/ 90/ തീ. 02-01-91 | | |
| 1978-1979 | എൽ.എഫ്.ഐ-6/359/81 തീ. 19-06-81 | | |
| 1979-80 & 1980-81 | എൽ.എഫ്.ഐ-6/689/81 തീ. 02-03-82 | | |
| 1981-1982 | എൽ.എഫ്.ഐ-6/164/84 തീ. 27-07-84 | | |
| 1982-1983 | എൽ.എഫ്.ഐ-6/1102/84/ തീ. 10-06-85 | | |
| 1983-1984 | എൽ.എഫ്.ഐ-7/225/86 തീ. 04-04-87 | | |
| 1984-1985 | എൽ.എഫ്.ഐ-7/543/88 തീ. 31-03-88 | | |
| 1985-1986 | എൽ.എഫ്.ഐ-7/766/89 തീ. 31-10-89 | | |
| 1986-1987 | എൽ.എഫ്.ഐ-7/982/91 തീ. 06-01-92 | | |
| 1987-1988 | എൽ.എഫ്.ഐ-7/338/92 തീ. 22-09-92 | | |
| 1988-89&1989-90 | എൽ.എഫ്.ഐ-7/436/93 തീ. 03-12-93 | | |
| 1990-91&1991-92 | എൽ.എഫ്.ഐ-7/127/94 തീ. 04-08-94 | | |
| 1992-93&1993-94 | എൽ.എഫ്.ഐ-7/157/95 തീ. 04-07-95 | | |
| 1998-1999 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018 തീ.27.04.2018 | 2 | 21 എ, ബി<br>22 എ, ബി |
| 1999-2000 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018 തീ.27.04.2018 | 2 | 33, 35 |
| 2000-2001 | കെ.എസ്.എ.ഐ. ഡി.കെ-9/818/2018 തീ.27.04.2018 | 2 | 18, 29 |
| 2001-2002 | കെ.എസ്.എ.ഐ. ഡി.കെ-9/818/2018 തീ.27.04.2018 | 2 | 2-4, 2-10 |

| | | | |
|---|---|---|---|
| 2003-2004 | കെ.എസ്.എ.ഐ. ഡി.കെ-9/818/2018 തീ.27.04.2018 | 3 | 2-1, 2-3, 3-6 |
| 2004-2005 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018 തീ.27.04.2018 | 1 | 3-7 |
| 2005-06 | കെ.എസ്.എ. ഐ.ഡി.കെ-9/818/2018 തീ.27.04.2018 | 3 | 3-3, 3-4, 3-5 |
| 2006-07 | എൽ.എഫ്.ഐ-3/586/2014 തീ. 04.12.2014 | 7 | 2-2, 2-3, 2-4 (എ,ബി,സി) 3-1, 3-2, 3-3, 3-4 |
| 2007-08 | എൽ.എഫ്.ഐ.-113/2013 തീ. 11.05.2011 | 18 | 1-2,1-4,1-5,2-1എ, 2-2,2-4,2-5, 3-1,3-3, 3-4,3-5, 3-6,3-7,3-8,3-9, 3-10,3-11,3-12 |
| 2008-09 | എൽ.എഫ്.ഐ-9/1548/2012 തീ. 10.01.2013 | 9 | 1-1,1-2,1-3, 2-1, 2-2,2-3എ, ബി 2-4, 2-5, 3-1 |
| 2009-10 | കെ.എസ്.എ.ഐ.ഡി.കെ-9/1518/2018 തീ. 05.04.2017 | 6 | 1-1,1-2,1-3, 2-1,2-2,3-1 |
| 2010-11 | എൽ.എഫ്.ഐ-9/519/2018 തീ. 05.05.2018 | 10 | 1-1, 1-2(1,2,3,4), 1-3, 1-4,1-5, 3-4,3-5, 3-6,3-7,3-8 |
| 2011-12 | എൽ.എഫ്.ഐ-9/1435/ 2014 തീ. 03.02.2015 | 7 | 3-1,3-3, 3-4,3-5, 3-6,3-7, 3-8 |
| 2012-13 | എൽ.എഫ്.ഐ--9/1357/2014 തീ. 26.03.2015 | 6 | 2-1,2-2,3-1, 3-2,3-3,3-4 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ-9/488/2015തീ.20.06.2016 | 5 | 2-1,2-2,2-3, 3-1,3-2 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ-14/1189/2016 തീ. 01.09.2016 | 15 | 2-52-8,2-9, 2-10, 2-11,3-1, 3-2, 3-3, 3-4,3-6, 3-7,3-8, 3-9,3-11,4-9 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-9/418/2017 തീ. 05.04.2017 | 14 | 1-12, 2-1, 2-2, 2-3, 2-4,2-5,3-1, 3-2,3-4, 3-5,3-6,3-9, 3-11,4-9 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-9/1314/2017 തീ. 03.10.2017 | 13 | 1-12,2-1,2-2,2-3, 3-1,3-2,3-3,3-4,3-6, 3-7,3-8,3-9,4-9 |
| 2017-18 | കെ.എസ്.എ.-ഐ.ഡി.കെ.- 9/60/19 | 14 | 2-1 മുതൽ 2-5 വരെയും 3-1 മുതൽ 3-9 വരെയും |
| 2018-19 | കെ.എസ്.എ.-ഐ.ഡി.കെ.- 9/199/20 | 14 | 1-13, 1-15 മുതൽ 1-27 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്